


ബ്ര. ചാക്കോച്ചൻ വടക്കേതലക്കൽ

ആരാധനാവത്സരത്തിലെ ആദ്യത്തെ കാലമായ മംഗളവാർത്താകാലത്തിൽ നാല് ആഴ്ചകളാണുള്ളത്. ഈ ആഴ്ചകളിലെ 4 ഞായറാഴ്ചകളിലെ സുവിശേഷങ്ങളിലൂടെ നമ്മൾ അനുസ്മരിക്കുക, ജീവിതത്തിന്റെ നൊമ്പരങ്ങളെ ദൈവതിരുമനസ്സിനോട് ചേർന്ന് നിന്ന് സന്തോഷമാക്കിയ രണ്ട് കുടുംബങ്ങളെയാണ്. ഒന്ന് സഖറിയ ഏലീശ്വാ കുടുംബത്തെയും രണ്ട് ജോസഫ് മേരി കുടുംബത്തെയും.

ആഗമനകാലത്തിലെ നാലാം ആഴ്ചയായ ഇന്ന് സഭാമാതാവ് വചനവിചിന്തനത്തിനായിട്ട് നൽകുന്നത് ജോസഫ് മറിയം ദമ്പതികളെക്കുറിച്ചും അവരുടെ മകൻ ലോകരക്ഷകനായ ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുമാണ്. ലൂക്കാ സുവിശേഷത്തിൽ മംഗളവാർത്ത ലഭിക്കുന്നത് മറിയത്തിനാണെങ്കിൽ മത്തായി സുവിശേഷത്തിൽ അത്ര മംഗളകരമല്ലാത്ത മംഗളവാർത്തയുമായ് ദൂതൻ എത്തുന്നത് ജോസഫിന്റെ അടുത്താണ്.

ജോസഫിനെ മത്തായി സുവിശേഷകൻ സംഗ്രഹിക്കുക ഒറ്റവാക്കിലാണ്; “അവൻ നീതിമാനായിരുന്നു.’’ നീതി പ്രവർത്തിക്കുന്നവനെയാണ് സമൂഹം നീതിമാനെന്ന് വിളിക്കുക. എന്നാലിവിടെ തന്റെ ഭാര്യ താൻ അറിയാതെ ഗർഭിണിയായെന്നറിഞ്ഞ് ശുദ്ധയഹൃദനായിരുന്ന ജോസഫ് തന്റെ മതത്തിനും മതചട്ടങ്ങൾക്കുമെതിരെ നിന്നുകൊണ്ട് നിശബ്ദതയെ കൂട്ടുപിടിച്ച് ആ അപമാനം സ്വയം ഏറ്റെടുക്കാൻ തയ്യാറാകുന്നു. വചനം പറഞ്ഞുവയ്ക്കുന്നത് ഇപ്രകാരമാണ്. “അവളെ അപമാനിതയാക്കാൻ ഇഷ്ടപെടായ്കയാൽ രഹസ്യമായി ഉപേക്ഷിക്കാൻ തയ്യാറായി.” ജോസഫിന് നീതിമാനെന്ന പദം ലോകം നൽകുന്നതിനെക്കാൾ ഉപരിയായി അനുയോജ്യമാകുന്നത് സുവിശേഷം നൽകുമ്പോഴാണ്.

മത്തായി സുവിശേഷത്തിലെ ജോസഫ് നമുക്ക് നൽകുക 3 സന്ദേശങ്ങളാണ്.

1. ദൈവതിരുമനസ്സിനുമുമ്പിൽ നിശബ്ദനായിരിക്കുക.
2. ദൈവഹിതത്തിനായ് കാത്തിരിക്കുക.
3. പ്രതികൂലങ്ങളെ ദൈവത്തോട് ചേർന്നിരുന്ന് അനുകൂലങ്ങളാക്കുക.

തങ്ങൾ ചെയ്ത വീരകൃത്യങ്ങളെക്കുറിച്ച് കൊട്ടിഘോഷിച്ചും വീരവാദങ്ങൾ ചൊല്ലിയും വീമ്പടിച്ചും നടക്കുന്ന ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ ലോകത്തിൽ ഇന്നുവരെ ബഹുമാനിക്കപ്പെട്ടിരിക്കുക മിതഭാഷികളായ വ്യക്തിത്വങ്ങളാണ്. ഇതിന് ഉത്തമ ഉദാഹരണമാണ് ക്രിക്കറ്റ് ഇതിഹാസം സച്ചിൻ തെണ്ടുൽക്കർ. തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ ഏതാണ്ട് ഇരുപതുമിനിറ്റോളം അയാൾ വാചാലനായത് താൻ നേടിയ റെക്കോർഡുകളെക്കുറിച്ചൊന്നുമല്ല, മറിച്ച് ഇതിനായി തന്നെ സഹായിച്ചവരോടുള്ള നന്ദി പ്രകാശനമായിരുന്നു അത്.

ജീവിതത്തിൽ പ്രതിസന്ധികളും പ്രതികൂലങ്ങളും ഉണ്ടാകുമ്പോൾ, അമരത്തിരിക്കുന്നവനെ മറന്ന് അലറിവിളിക്കുന്ന ശിഷ്യനാകാനല്ല ഓരോ ക്രൈസ്തവന്റെയും വിളി, മറിച്ച് നിശബ്ദനായി നിന്ന് ദൈവതിരുമനസ്സിനായി കാത്തിരുന്ന ഒരു 'ജോസഫ് ഹൃദയം' നേടാനാണ്.

ഒരു ഇംഗ്ലീഷ് ചൊല്ലുണ്ട്. "God delays, but never denies" വിശുദ്ധ വചനത്തിലുടനീളം ദൈവപ്രീതിയ്ക്ക് പാത്രീഭൂതരായവർക്ക് സന്തോഷങ്ങളും നേട്ടങ്ങളും ശാന്തിയുമെല്ലാം കൊടുക്കുന്ന ഒരു ദൈവത്തെയല്ല നാം കാണുക, മറിച്ച് തന്റെ പദ്ധതികൾക്ക് അനുസരിച്ച് പ്രതിബന്ധങ്ങളിലൂടെയും, പ്രതിസന്ധികളിലൂടെയും അവരെ മെനഞ്ഞെടുക്കുന്ന ഒരു ദൈവത്തെയാണ്.

"എനിക്ക് നിന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ട്, അത് നിന്റെ നാശത്തിനല്ല, ക്ഷേമത്തിനായുള്ള പദ്ധതി" ജീവിതവഴിത്താരകളിൽ വേദനകളും കണ്ണീരുകളും ഒഴിയാബാധയാകുമ്പോൾ, അസ്വസ്ഥതകളും അനർത്ഥങ്ങളും പരാജയങ്ങളും ജീവിതത്തെ ഒരുപിടി കയറിൽ ഒടുക്കാൻ പ്രേരിപ്പിക്കുമ്പോൾ, ഹൃദയം നുറുങ്ങിയ പ്രാർത്ഥനകൾക്കും കത്തിച്ച മെഴുതിരികൾക്കും എല്ലാം യാതൊരു ഫലവും കാണാതെ, ഉത്തരം കിട്ടാത്ത ചോദ്യങ്ങളായി അവശേഷിക്കുമ്പോൾ, അറിയാതെ ദൈവത്തെയും ദൈവാസ്ഥിത്വത്തെയും ചോദ്യം ചെയ്യുമ്പോൾ ഓർക്കുക, നിനക്കായി ഒരു പദ്ധതിയുമായി നിന്നെ കാത്തിരിക്കുന്ന ദൈവം അങ്ങ് തിബേരിയാസിന്റെ തീരത്ത് ഇന്നും കാത്തിരിക്കുന്നുണ്ടെന്ന്. ജീവിതത്തിൽ പ്രശ്നങ്ങളും പ്രതിസന്ധികളും വരുമ്പോൾ 'ഇതാ കർത്താവിന്റെ ദാസി/ദാസൻ എന്നു ചൊല്ലാൻ ഒരു സമർപ്പണ ഹൃദയം നമുക്കും സ്വന്തമാക്കാം. കാലതാമസങ്ങൾ അത് ദൈവം നിന്നെ ഉപേക്ഷിച്ച നാളുകളല്ല, മറിച്ച് നിനക്ക് ഏറ്റം നല്ലതായത് തരാൻ ദൈവം കാത്തിരിക്കുന്ന നിമിഷങ്ങളാണ്.

തീചൂളയിലിട്ട് സ്വർണ്ണം ശുദ്ധി ചെയ്യുന്ന സ്വർണ്ണപണിക്കാരനെപ്പോലെയാ ചിലപ്പോൾ ദൈവം. നിന്റെ പ്രതികൂല സാഹചര്യങ്ങളിൽ, നിന്നെ ദൈവം തള്ളിക്കളയുകയല്ല, മറിച്ച് അഗ്നിശുദ്ധി ചെയ്യുകയാണ് എന്ന് മനസ്സിലാക്കുക. ജോസഫ് എന്ന നീതിമാനായ മനുഷ്യനെയും ദൈവം അഗ്നിശുദ്ധി ചെയ്ത നാളുകളായിരുന്നു അത്. മറ്റൊന്നിനുമല്ല, 'ലോകരക്ഷകനായ ക്രിസ്തുവിന്റെ വളർത്തുപിതാവാകുവാൻ.'

പ്രതികൂലങ്ങൾ ജീവിതത്തിൽ ആഞ്ഞടിക്കുമ്പോൾ, തിരമാലകൾ അലറി, അമറി നമ്മുടെ കുടുംബത്തെയും വ്യക്തിജീവിതത്തെയും എല്ലാം ഇളക്കിമറിക്കുമ്പോൾ ഓർക്കുക അടിത്തറ ദൈവത്തിലെങ്കിൽ അമരത്തിരിക്കുന്നവൻ നിന്റെ ജീവിതനൗകയെ യഥാസ്ഥാനം എത്തിക്കും.

സ്നേഹമുള്ളവരെ, ക്രിസ്തുമസിനായുള്ള ഏറ്റം അടുത്ത ഒരുക്കത്തിലാ നമ്മൾ. ക്രിസ്തുമസ് എന്നാൽ ഈശ്വരനൊപ്പം അപരനിലേക്ക് യാത്ര ചെയ്യേണ്ട ദിനങ്ങളാണ് എന്ന് വചനം പറയുന്നു: അപരന്റെ കണ്ണീരുകളിലേക്കും അവന്റെ വേദനകളിലേക്കും ഒന്ന് ഇറങ്ങിച്ചെല്ലാം. അവിടെയാ ക്രിസ്തുശിഷ്യത്വത്തിന്റെ യാത്ര ആരംഭിക്കുക. പരിശുദ്ധ പിതാവ് പറയുന്നതുപോലെ 'ഇനി പുറമ്പോക്കുകളിലേയ്ക്ക് പോകാം." അവിടെ 'ഉണ്ണീശോയെ' കണ്ടെത്താനാവും. കാരണം അവനെ കണ്ടറിയാൻ കഴിഞ്ഞത് പാവപ്പെട്ടവരായ ആട്ടിടയൻ നല്ല ഹൃദയരായ വിജ്ഞാനികൾക്കുമാണ്. അതിനായി നമുക്ക് പരിശ്രമിക്കാം. ◆